പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

2019 മെയ് 29, ബുധൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

# ആരോഗ്യ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം : 406
ശ്രീ. ടി.എ. അഹമ്മദ് കബീർ

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കും നടപ്പിലാക്കുവാൻ പോകുന്ന ആരോഗ്യ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേക്കായി 24.04.17-ലെ സ.ഉ(അച്ചടി)നം. 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ,സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവകലാശാലകളിലേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ / പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരേയും മന്ത്രിമാരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം, എന്നിവയ്ക്ക് ശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിയ്ക്കുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ അഭിപ്രായം, ജീവനക്കാർ, പെൻഷൻകാർ എന്നിവരുടെ സംഘടനകളുടെ അഭിപ്രായം |
| (ബി) | പദ്ധതിയുടെ ഭാഗമായി എംപാനൽ ചെയ്യാൻ ഉദ്ദേശിക്കുന്ന ആശുപത്രികളുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ; | |
| (സി) | പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പോളിസി സ്റ്റേറ്റ്മെന്റ്,തിരിച്ചറിയൽ കാർഡ് എന്നിവ വിതരണം ചെയ്യുന്ന രീതി വിശദീകരിക്കാമോ? | |

| | | |
|---|---|---|
| | | എന്നിവ കൂടി പരിഗണിച്ച് ആർ.എഫ്.പി (REQUEST FOR PROPOSAL) തയ്യാറാക്കുകയും ഇതിനെ അടിസ്ഥാനമാക്കി 01.01.2019-ന് ഇ-ടെണ്ടർ (Tender ID 2019_FIN_258705_1) ആയി ആർ.എഫ്.പി പരസ്യപ്പെടുത്തുകയും ചെയ്തു.മൂന്ന് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ ഉൾപ്പെടെ അഞ്ച് ഇൻഷ്വറൻസ് കമ്പനികൾ പ്രൊപ്പോസലുകൾ സമർപ്പിക്കുകയുണ്ടായി. പ്രൊപ്പോസലുകളുടെ പരിശോധനയിൽ ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുകയായ 2992.48/- രൂപ (18% GST ഉൾപ്പെടെ) രേഖപ്പെടുത്തിയ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് പദ്ധതി നടത്തിപ്പിനായി 27.04.2019-ലെ 49/2019/ ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകുകയുണ്ടായി . തെരെഞ്ഞെടുക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിയ്ക്കുന്ന രോഗങ്ങൾ, ഗുണഭോക്താക്കൾക്കുള്ള പോളിസി സ്റ്റേറ്റ്മെന്റ്,തിരിച്ചറിയൽ കാർഡ് എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ. കരാർ ഒപ്പ വയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ അതിദ്രുതം പുരോഗമിക്കുകയാണ് |

**സെക്ഷൻ ഓഫീസർ**